By Spl Messenger

# കേരള സർക്കാർ

## സംഗ്രഹം

**ധനകാര്യ വകുപ്പ് - MLA SDF - ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലെ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

**സ.ഉ.(അ)നം.60/2019/ധന.** **തിരുവനന്തപുരം, തീയതി 27/05/2019.**

---

**പരാമർശം : 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.**

## ഉത്തരവ്

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ പരാമർശ ഉത്തരവിലെ അനുബന്ധം 1 ഇനം 12 പ്രകാരം പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണം അനുവദനീയമാണ്. 'പൊതുവായനശാല/ഗ്രന്ഥശാല' എന്നത്കൊണ്ട് ഉദേശിച്ചിരിക്കുന്നത് സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയില്ലുള്ള വായനശാലകളേയും ഗ്രന്ഥശാലകളേയുമാണ്. എന്നാൽ ഗ്രന്ഥശാല സംഘത്തിന്റെ കീഴിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ പ്രത്യേക വികസന നിധിയിൽ (എസ്.ഡി.എഫിൽ) നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് വിവിധ എം.എൽ.എ മാർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും കെട്ടിട നിർമ്മാണത്തിന് തുക വിനിയോഗിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയിലെ ബന്ധപ്പെട്ട ഖണ്ഡികകൾ താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**അനുബന്ധം 1 ഇനം 12**

'ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളും ഗ്രന്ഥശാലകളും ഉൾപ്പെടെ പൊതു വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നിർമ്മാണം.'

**ഖണ്ഡിക 6. പൊതുകാര്യങ്ങൾ 6.3 (IV)**

'ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ഇവയുടെ വിൽപ്പന, കൈമാറ്റം ചെയ്യൽ, തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതി ഇല്ലാതെ നടത്തുവാൻ പാടില്ല എന്നാൽ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായന ശാലകളുടെയും ഗ്രന്ഥശാലകളുടെയും

എം.എൽ.എ എസ്.ഡി.എഫ് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന ആസ്തി ബന്ധപ്പെട്ട വായനശാല/ഗ്രന്ഥശാല സമിതിയുടെ ഉടമസ്ഥതയിൽ തുടരുന്നതും, കൈമാറ്റം, വിൽപ്പന, തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതി ഇല്ലാതെ നടത്താൻ പാടില്ലാത്തതുമാണ്.'

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. എസ്. ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും
5. എല്ലാ ഭരണവകുപ്പുകൾക്കും
6. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
9. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
10. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
11. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
12. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
13. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
14. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
15. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [No.NC-B1/3216316/2019/Fin]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**